DESPATCHED
On..1/9/21.....

12/8/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 222(1)/2020/SICതീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽനമ്പർ: 1128/SIC-G4/2020)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത,മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ആഗസ്റ്റ് 12**

ശ്രീ. കെ.കെ. സഞ്ജീവ്,
മറൈൻ എഞ്ചിനീയറിംഗ് വർക്സ്,
മഞ്ഞനക്കാട്,ഞാറക്കൽ,
എറണാകുളം – 682 505.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
ഞാറക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ്,
ഞാറക്കൽ, എറണാകുളം – 682 505.

2) അപ്പീൽഅധികാരി&
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ആഫീസ്,
എറണാകുളം.
} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 24.08.2020-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീമതി റീജ സി.ജെ, നിലവിലെ എസ്.പി.ഐ.ഒ. ശ്രീമതി റൂബിന കെ.എച്ച് എന്നിവർ കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയ വിശദീകരണം, നേരിൽ കേട്ട വേളയിൽ ടിയാളുകൾ ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ വിശദമായി പരിശോധിച്ചു.

2. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീമതി റീജ സി.ജെ. പ്രസ്താവിച്ചത്, 16.1.2018-ൽ നടന്ന കെൽസയുടെ ഹിയറിംഗ് തീരുമാനം

രേഖപ്പെടുത്തിയ രജിസ്റ്റർ കാണാതെ പോയിരുന്നുവെന്നും, താനുൾപ്പെടെയുള്ള ജീവനക്കാർ പല പ്രാവശ്യം തെരച്ചിൽ നടത്തിയിട്ടും ആയത് കണ്ടെത്താനായിട്ടില്ലായെന്നും പ്രസ്തുത സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലാർക്ക് സ്ഥലംമാറി പോകുകയും ടിയാനുമായി ബന്ധപ്പെട്ടതിൽ ഏത് രജിസ്റ്ററിലാണ് തീരുമാനം രേഖപ്പടുത്തിയത് എന്ന് ഓർമ്മയില്ലെന്നാണ് അറിയിച്ചതെന്നും രജിസ്റ്റർ കണ്ടെത്തുന്നതിനായി ഓഫീസ് ഓർഡർ നൽകാത്തതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ താക്കീത് നൽകിയിട്ടുണ്ടെന്നും താൻ 2019 ജൂലൈ 12–ാം തീയതി സ്ഥലംമാറി പോയിട്ടുള്ളതാണെന്നും തുടർന്ന് നിലവിലെ എസ്.പി.ഐ.ഒ. ടി രജിസ്റ്റർ കണ്ടെത്തി അപ്പീൽ ഹർജിക്കാരന് രേഖകൾ നൽകിയിട്ടുണ്ടെന്നുമാണ്. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. സമയബന്ധിതമായി ഹർജിക്കാരന് മറുപടി നൽകാൻ സാധിക്കാത്തത് ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ഫയൽ ലഭ്യമാക്കാൻ വീഴ്ച സംഭവിച്ചതിനാലാണെങ്കിൽ ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ deemed PIO ആയി കരുതി അവരുടെ വിശദീകരണം സമയപരിധിയ്ക്കുള്ളിൽ രേഖാമൂലം ചോദിക്കേണ്ടത് എസ്.പി.ഐ.ഒ.യുടെ ചുമതലയാണ്. അല്ലാതെ ഫോണിലൂടെയും നേരിട്ടും ചോദിച്ചിരുന്നു എന്നു പറയുന്നത് അംഗീകരിക്കത്തക്കതല്ല. മാത്രവുമല്ല 08.08.2018–ലെ അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 2019 ജൂലൈ 12–ന് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. എടവനക്കാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറി പോകുന്നതുവരെ മറുപടി നൽകിയിട്ടില്ല എന്നതും വിവരാവകാശ നിയമ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ പരാമർശിത കാലയളവിലെ എസ്.പി.എ.ഒ. ആയിരുന്ന ശ്രീമതി റീജ സി.ജെ. യെ ശിക്ഷിക്കുവാനും ശിക്ഷയായി 2000/– രൂപ (രണ്ടായിരം രൂപ മാത്രം) ടിയാളിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു.

3. ഈ ഉത്തരവ് കിട്ടി 30 ദിവസങ്ങൾക്കകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീമതി റീജ സി.ജെ. 2000/– രൂപ (രണ്ടായിരം രൂപ മാത്രം) "0070-60-118-99 Receipts Under Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴസംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി

ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തിചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്.

4. അപ്പീൽ ഹർജിക്കാരനുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് വിവരാവകാശ നിയമം 19(8)(ബി) വകുപ്പ് പ്രകാരമുള്ള നഷ്ടപരിഹാരം എന്തുകൊണ്ട് നൽകേണ്ടതില്ല എന്നത് സംബന്ധിച്ച് നിലവിലെ എസ്.പി.ഐ.ഒ. ലഭ്യമാക്കിയ വിശദീകരണം കമ്മീഷൻ പരിശോധിച്ചതിൽ ആയത് വസ്തുതാപരമാണെന്ന് കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റു നടപടികൾ ഒന്നും കമ്മീഷൻ സ്വീകരിക്കുന്നില്ല.

5. മേൽ പ്രസ്താവിച്ച പ്രകാരം അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ആഗസ്റ്റ് 12-ാം തീയതി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യവിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *